കോവളം ടൂറിസ്റ്റ് കേന്ദ്രം

* 161. [594] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യത്തിനും മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം ഒരു പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനു് എന്തെല്ലാം നടപടികളാണു് സ്വീകരിച്ചുകഴിഞ്ഞു എന്നു് വ്യക്തമാക്കാമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) : കോവളം ഒരു അന്തരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുവേണ്ടി കോവളം കെട്ടാരവും അതിനുചുറ്റുമുള്ള 23 ഏക്കർ സ്ഥലം 1964-ൽ ഗവണ്മെന്റു് ഏറ്റെടുത്തു. ഇതിനു പുറമെ 1968-69ൽ ടൂറിസം വികസനത്തിനും അവിടെ പണിയപ്പെടുന്നുദ്ദേശിക്കുന്ന "ഹോട്ടൽ ഇൻഡ്യാ" യുടെ ആവശ്യത്തിലേയ്ക്കുമായി 20.458 ഏക്കർ സ്ഥലവുംകൂടി പൊന്നുംവിലയ്ക്കെടുത്തു് തയ്യാറാക്കിയിട്ടുണ്ടു്. നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചെടല ക്രമണ നിരോധനം, കോവളംകൊട്ടാരത്തിന്റെ പരിഷ്കരണം, നവീന സജ്ജീകരണങ്ങളോടുകൂടിയ ഒരു റെസ്റ്റോറന്റിന്റെ പ്രവർത്തനം, പൊന്നുംവിലയ്ക്കെടുത്ത ഒരു കെട്ടിടം സജ്ജീകരണങ്ങളോടെ കോട്ടേജാക്കിമാറ്റൽ എന്നിവ കേരളാ ടൂറിസ്റ്റ് ആൻഡ് ഹാൻറിക്രാഫ്റ്റ്സ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ചെയ്തിട്ടുണ്ടു്.

ബീഡി തൊഴിലാളികളുടെ നിവേദനം

* 162. [604] ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ :

,, സി. ഗോവിന്ദപ്പണിക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബീഡി തൊഴിലാളികളിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നു് വിശദമാക്കാൻ ദയവുണ്ടാകുമോ;

(സി) ബീഡി തൊഴിലാളികളെക്കൂടി ഈ. എസ്. ഐ. സ്കീമിൽ ഉൾപ്പെടുത്തുന്നകാര്യത്തെക്കുറിച്ചു് ഗവണ്മെന്റു് പര്യാലോചിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്.

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) വടകര ബീഡി ആൻറ് സിഗാർ വർക്കേഴ്സ് യൂണിയനിൽനിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ടു്;

(ബി) താഴെ പറയുന്ന ആവശ്യങ്ങൾ വിവരിച്ചിട്ടുണ്ടു്.

1. വടകര താലൂക്കിൽ ഗവണ്മെന്റുതൊഴിലാളികൾക്കു മാത്രമായി ഒരു സഹകരണസംഘം രൂപീകരിക്കുക.

2. ഉൽപ്പാദിപ്പിക്കുന്ന ബീഡി കണ്ണൂർ ജില്ലയിൽ സംഘടിപ്പിച്ചിരിക്കുന്നകേന്ദ്രസംഘംവഴി വിറ്റഴിക്കുക.

3. കണ്ണൂർജില്ലാ സൊസൈറ്റിയുടെ കീഴിൽ വടകരയിലെ തൊഴിലാളികൾക്കുക്കായി ഒരു സഹകരണസംഘം രൂപീകരിക്കുക.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly